2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ മുറിച്ച് മാറ്റിയ തെങ്ങിന്റെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	മുറിച്ച് മാറ്റിയ തെങ്ങിന്റെ എണ്ണം
2011-12	609986
2012-13	918972
2013-14	337000
2014-15	117448

കാർഷിക വിപണിക്ക് സഹായം

110 (5459) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം സംഭരണ ഏജൻസികൾക്കാണ് പദ്ധതിയുടെ ഭാഗമായി തുക നൽകിയതെന്നറിയിക്കാമോ ;

(സി) പ്രസ്തുത ഏജൻസികൾ ഏല്പിക്കപ്പെട്ട ദൗത്യം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; പോരായ്മകൾ കടന്നു കൂടിയിട്ടുണ്ടോ ; എന്തെല്ലാമാണ് പോരായ്മകൾ എന്നറിയിക്കാമോ ;

(ഡി) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് ഈ പദ്ധതിപ്രകാരം സംഭരണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഇ) പദ്ധതിപ്രകാരം ഇടപെടൽ നടത്തിയതുമൂലം പ്രസ്തുത കാർഷികോല്പന്നങ്ങളുടെ വിലയിൽ എന്ത് ഗുണപരമായ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത അവസരങ്ങളിൽ വിപണിയിൽ ഇടപെട്ട് ന്യായവിലയ്ക്ക് സംഭരിക്കുകയും വിപണിയിൽ ഉല്പന്നങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിക്കുമ്പോൾ വിപണിയിൽ ഇടപെട്ട് ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനുമായി, വിപണിയിടപെടൽ നടത്താറുണ്ട്.

(ബി) മാർക്കറ്റ്ഫെഡ്, റബ്ബർമാർക്ക്, ഹോർട്ടികോർപ്പ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരഫെഡ്, കെപ്കൊ, മീറ്റ് പ്രൊഡക്ട് ഓഫ് ഇന്ത്യ, കേരള ഫീഡ്സ്, കെ.എൽ.ഡി. ബോർഡ് എന്നീ ഏജൻസികൾക്ക് പദ്ധതിയുടെ ഭാഗമായി 2014-15-ൽ ഇക നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഏജൻസികൾ മുഖേന കാർഷിക വിപണിയിൽ ഇടപെടൽ നടത്തുന്നതിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ട്. പോരായ്മകൾ കടന്നുകൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പഴം, പച്ചക്കറികൾ, റബ്ബർ, പച്ചനാളികേരം എന്നീ കാർഷികോല്പന്നങ്ങളാണ് ഈ പദ്ധതി പ്രകാരം സംഭരണം നടത്തിയിട്ടുള്ളത്.

(ഇ) 2014 ഓണം-റംസാൻ ഉത്സവ സീസണിൽ പഴം പച്ചക്കറികളുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ 30 ശതമാനം സബ്സിഡി നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിപണിയിൽ നാളികേരത്തിനുണ്ടായ വിലയിടിവിനു പരിഹാരമായി കർഷകരിൽനിന്നും ന്യായമായ വില നൽകി, പച്ചനാളികേരം കേരഫെഡ് കൃഷി ഭവനിലൂടെ സംഭരണം നടത്തിവരുന്നു. നിലവിൽ പൊതുവിപണിയിൽ പച്ചത്തേങ്ങയ്ക്ക് 16 മുതൽ 18 രൂപ വരെയാണ് വില. എന്നാൽ കേരഫെഡ് കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽനിന്നും പച്ചത്തേങ്ങ കൃഷിഭവനിലൂടെ സംഭരണം നടത്തുന്നത്. റബ്ബറും റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയിലെ ദൈനംദിന വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്കാണ് സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിലൂടെയും റബ്ബർ മാർക്കിലൂടെയും സംഭരണം നടത്തിയിട്ടുള്ളത്. റബ്ബർ സംഭരണത്തിനായി 2013-14, 2014-15 വർഷങ്ങളിലായി ആകെ 16 കോടി രൂപ കാർഷിക വിപണിയിൽ ഇടപെടൽ പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. ഇപ്പോൾ റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (സ.ഉ.

(പി) നമ്പർ 269/2015/ഫിൻ. തീയതി 3-7-2015) പുറപ്പെടുവിച്ചുകൊണ്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്.

ഏലത്തൂർ നിയോജകമണ്ഡലത്തിലെ നിറവ് പദ്ധതി

111 (5460) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലത്തിൽ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ :

(ബി) നിറവ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളുടെ ഇന തിരിച്ച് വ്യക്തമാക്കാമോ :

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലം 2013-14 വർഷത്തിലാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടത്. അതിനെത്തുടർന്ന് 10-3-2014-ാം 9-2-2015-ാം നിയോജകമണ്ഡലത്തിലുള്ള യോഗങ്ങൾ ചേർന്ന് കാർഷികരംഗത്ത് സമഗ്ര വികസനത്തിനായി 110.475 ലക്ഷം രൂപയുടെ പ്രോജക്ടും മൃഗസംരക്ഷണ രംഗത്ത് 0.368 ലക്ഷം രൂപയുടെ പ്രോജക്ടും ജലസേചന സൗകര്യം വികസിപ്പിക്കുന്നതിനായി 134 ലക്ഷം രൂപയുടെ പ്രോജക്ടും തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഏലത്തൂർ നിയോജകമണ്ഡലത്തിലെ നിറവ് പദ്ധതിക്കായി ചുവടെപ്പറയുന്ന പ്രകാരം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

കേരകൃഷി വികസനം	61.25 ലക്ഷം
പച്ചക്കറി കൃഷി വികസനം	12.5 ലക്ഷം
വാഴ കൃഷി വികസനം	16.375 ലക്ഷം
കരുമുളക് കൃഷി വികസനം	2.00 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly